ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/7619/2024-C2 (ACA) തീയതി:13-02-2025

**സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക്(എ)സെക്ഷൻ - സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- **15.08.2024** തീയതിയിലെ സർക്കാർ കത്ത് നമ്പർ . **K1/181/2024-HEDN**

മേൽ സൂചന പ്രകാരം സ്ത്രീകളുടെയും ട്രാൻസ്ജെൻറുകളുടെയും കുട്ടികളുടെയും, ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2023-26) 9-മത് റിപ്പോർട്ടിലെ ഖണ്ഡിക 19, ഖണ്ഡിക 22 എന്നിവയിലെ ശിപാർശകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. സ്ഥാപനങ്ങളിൽ അക്കാദമിക് കൌൺസിൽ കൂടി ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ളതും ഇനി തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്ന നടപടികളും ഈ കാര്യാലയത്തെ അടിയന്തിരമായി അറിയിക്കുന്നതിനും ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികളും സമിതിയുടെ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 13-02-2025 22:29:55

**നിയമസഭ സമിതി**

**വളരെ അടിയന്തരം**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (കെ)വകുപ്പ്

നം. K1/181/2024-HEDN 15-08-2024,തിരുവനന്തപുരം

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, റ്റി.സി 86/1949(2), എൻ.എച്ച്.ബൈ പാസ്സ് ജംഗ്ഷൻ, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.
 ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
4. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
5. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
6. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം.
7. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം-686 585

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകപ്പ്- സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും, കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി- 9-ാമത് റിപ്പോർട്ട്- സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നത് -സംബന്ധിച്ച്

സൂചന:- നിയമസഭ സെക്രട്ടറിയുടെ 18-7-2024 ലെ 13387/ഡബ്ല്യു.റ്റി.സി.& ഡി.സി3/2023/ലെ.ജി. നം. കത്ത്

സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും, കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം

സംബന്ധിച്ച സമിതിയുടെ (2023-26) 9-ാമത് റിപ്പോർട്ടിലെ ( 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതി പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ) ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 19 , ഖണ്ഡിക 22 എന്നിവയിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
സംഗീത എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

## പതിനഞ്ചാം കേരള നിയമസഭ

# സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)

## ഒൻപതാമത് റിപ്പോർട്ട്

(2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)**

**ഒൻപതാമത് റിപ്പോർട്ട്**

(2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : I<br>സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 26-38 |
| അനുബന്ധം : II<br>സർക്കാരിൽ നിന്ന് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ നടപടി തുടരുന്ന ഫയലുകളുടെ ലിസ്റ്റ് | .. | 39-154 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷ:**

ശ്രീമതി യു. പ്രതിഭ

**അംഗങ്ങൾ :**

ശ്രീമതി ഒ. എസ്. അംബിക

ശ്രീമതി സി. കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല

ഡോ. എം. കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി ലാലി വി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

ശിശുവികസന വകുപ്പ് ശ്രദ്ധ പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇതിനായി രൂപീകരിച്ചിട്ടുള്ള 'പോഷ് കംപ്ലയിന്റ്സ് പോർട്ടലിൽ' എല്ലാ പരാതിപരിഹാര കമ്മിറ്റികളും രജിസ്റ്റർ ചെയ്യേണ്ടതും വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ടതും കർശനമായി പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. സമൂഹത്തിൽ സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന മാനസിക ശാരീരിക പീഡനങ്ങൾക്കെതിരെ സമിതിയുടെ ഇടപെടലുകൾ ഉണ്ടാകണമെന്നും സ്ത്രീ വിരുദ്ധ അധിക്ഷേപ പരാമർശങ്ങൾക്കെതിരെ സർക്കാർ തലത്തിൽ ശക്തമായ നിയമ നടപടികൾ ശിപാർശചെയ്യണമെന്നുമാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സമിതി പരിശോധിക്കുകയും ഇന്നത്തെ സമൂഹത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള വാർത്തകൾ പ്രചരിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി വിലയിരുത്തുകയുമുണ്ടായി. സ്ത്രീവിരുദ്ധ പരാമർശങ്ങൾ/പദപ്രയോഗങ്ങൾ എന്നിവ നടത്തുന്നവർക്കെതിരെ പോലീസ് ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും ഇത്തരം കേസുകളിലെ പ്രതികൾ സമൂഹത്തിലെ വിവിധ മേഖലകളിൽ എത്രതന്നെ ഉന്നതസ്ഥാനങ്ങൾ വഹിക്കുന്നവരാണെങ്കിലും യാതൊരുവിധ സ്വാധീനമോ മറ്റുപലവിധ ബാഹ്യശക്തികളുടെ ഇടപെടലുകളോ കേസിനെ ബാധിക്കാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും മനസ്സിന് ശക്തി പകരുന്നതിന് തുടർച്ചയായ ഓറിയന്റേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും അതിജീവിതകൾക്ക് സംരക്ഷണവും ശക്തമായ പിന്തുണയും നൽകേണ്ട ബാധ്യത സമൂഹത്തിനുണ്ടെന്നും, സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഇവരെ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ കഴിയുകയുള്ളൂ എന്നും സ്ത്രീകളെയും കുട്ടികളെയും സ്വയം പ്രതിരോധിക്കാൻ പ്രാപ്തരാക്കുകയെന്നതാണ് അതിക്രമങ്ങൾ തടയുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥിനികൾക്കായി സ്വയം പ്രതിരോധമുറകൾ അഭ്യസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച്

നടപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്ത്രീകൾക്ക് പൊതുവായി സ്വയം പ്രതിരോധമുറകൾ അഭ്യസിക്കുന്നതിനായി സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായി സഹകരിച്ച് വനിത ശിശു വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയ്ക്ക് അടിമകളാകുന്നവർ മൂലമുള്ള പീഡനങ്ങൾ പുറത്തറിയപ്പെടുകയും മറ്റ് കുടുംബാംഗങ്ങളുടെയോ പോലീസിന്റെയോ ഭാഗത്തുനിന്നുമുള്ള ഇടപെടലുകൾക്ക് വിധേയമാക്കപ്പെടുകയും ചെയ്യാറുണ്ട്. എന്നാൽ കുടുംബനാഥന്റെയോ മക്കളുടെയോ മാനസിക വൈകല്യങ്ങൾ മൂലം കുടുംബങ്ങളിൽ നടക്കുന്ന പീഡനങ്ങൾ പുറത്തറിയാറില്ല. ഇത്തരത്തിലുള്ള പീഡനത്തിന് ഇരകളാക്കപ്പെടുന്നവർക്ക് പോലും പലപ്പോഴും അത് തിരിച്ചറിയാൻ കഴിയുന്നില്ല. സ്നേഹക്കൂടുതൽ മൂലമുള്ള സ്വാർത്ഥത എന്നോ അല്ലെങ്കിൽ തന്റെതന്നെ പിഴവ് മൂലമാണ് മർദ്ദനത്തിനിരയായത് എന്നോ ഇവർ തെറ്റിദ്ധരിക്കുന്നു. പ്രിയപ്പെട്ടവരുടെ സന്തോഷത്തിനായി ഇവർ ഏത് കൊടിയ മർദ്ദന മുറകളും ക്രൂരമായ വാക്കുകളും സഹിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ തുറന്നുപറയാനും ബാധിക്കപ്പെടുന്നവർ വിമുഖത കാണിക്കുന്നു. മർദ്ദനത്തെ തുടർന്നുള്ള മരണമോ ആത്മഹത്യയോ നടക്കുമ്പോൾ മാത്രമായിരിക്കും അടുത്ത ബന്ധുക്കൾപോലും ഇത് തിരിച്ചറിയുക. സംശയരോഗം, മിഥ്യാബോധം, സ്കീസോഫ്രീനിയ തുടങ്ങിയ മാനസിക രോഗങ്ങളാകാം ഇതിനുള്ള കാരണം. ഇത്തരം ടോക്സിക് ബന്ധങ്ങളിൽ നിന്നും പുറത്തുകടക്കുന്നതിന് സ്വയം തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. ഇത്തരം ബന്ധങ്ങളിൽ നിന്നും സ്വയം പുറത്തുകടന്ന ചിലരുടെ അനുഭവങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നതോടെയാണ് ആരോഗ്യകരമായ കുടുംബബന്ധങ്ങളെക്കുറിച്ച് സമൂഹം ചിന്തിച്ചുതുടങ്ങിയത്.

21. യഥാർത്ഥ സ്നേഹം ആരെയും വേദനിപ്പിക്കുന്നതല്ല എന്നതിനെക്കുറിച്ച് പുതിയ തലമുറയ്ക്ക് അവബോധം നൽകേണ്ടതാണെന്ന് സമിതി കരുതുന്നു. എന്തെല്ലാമാണ് ഗാർഹിക പീഡനത്തിന്റെ പരിധിയിൽ വരുന്നത് എന്നതിനെക്കുറിച്ചും ഗാർഹിക

പീഡന നിരോധന നിയമത്തെക്കുറിച്ചും ആരോഗ്യകരമായ കുടുംബാന്തരീക്ഷം എപ്രകാരമുള്ളതായിരിക്കണം എന്നതിനെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുന്നതിലൂടെ ടോക്സിക് ബന്ധങ്ങൾ തിരിച്ചറിയാനുള്ള ശേഷി കുട്ടികൾ ആർജ്ജിക്കുന്നതോടൊപ്പം ഭാവിയിൽ ഇത്തരം ബന്ധങ്ങളിൽ അകപ്പെട്ടാൽ അതിൽ നിന്നും പുറത്തുകടക്കാൻ അവർ ഒട്ടും മടിക്കുകയില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ചും അക്രമത്തിനിരയാകുന്നവർക്ക് അവലംബിക്കാവുന്ന സഹായ മാർഗ്ഗങ്ങളെക്കുറിച്ചും ആരോഗ്യകരമായ കുടുംബ ബന്ധങ്ങളെക്കുറിച്ചും ഹൈസ്കൂൾ തലത്തിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. സമൂഹത്തിൽ കാണപ്പെടുന്ന സ്ത്രീവിരുദ്ധമായ ഒരു ദുരാചാരമായിട്ടാണ് സ്ത്രീധനത്തെ കണക്കാക്കുന്നത്. സ്ത്രീധനപീഡനം സംബന്ധിച്ച നിരവധി കേസുകൾ സംസ്ഥാനത്തെ പല ജില്ലകളിലും കെട്ടിക്കിടക്കുന്നുണ്ട്. നമ്മുടെ സമൂഹത്തെ തന്നെ കാർന്നു തിന്നുന്ന ഒരു മാരകരോഗമാണ് സ്ത്രീധനമെന്നത് എല്ലാവരും തിരിച്ചറിയേണ്ടതാണ്. സ്ത്രീധന സമ്പ്രദായമെന്ന സാമൂഹ്യവിപത്തിന് അറുതി വരുത്താൻ കേന്ദ്ര സർക്കാർ 1961 ൽ സ്ത്രീധന നിരോധന നിയമം നടപ്പിലാക്കി. സ്ത്രീധനം കൊടുക്കുന്നതിനും വാങ്ങുന്നതിനുമെതിരായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം തുടർന്ന് വരുന്നുവെന്നത് ഖേദകരമായ വസ്തുതയാണ്. വിവാഹ നിശ്ചയ ശേഷം സ്ത്രീധനം ആവശ്യപ്പെട്ട് പ്രശ്നമുണ്ടാക്കിയ വരന്റെ കുടുംബത്തിനെതിരെ നടപടിയാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട പരാതി സമിതി പരിഗണിക്കുകയുണ്ടായി. സ്ത്രീധനത്തിനെതിരായ ശക്തമായ നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീധനസമ്പ്രദായം ഇപ്പോഴും തുടരുന്നുവെന്നത് വസ്തുതയാണ്. സമിതി സ്ത്രീധനമെന്ന സാമൂഹ്യവിപത്തിനെതിരെ യുവതലമുറയെ ബോധവൽക്കരിക്കുന്നതിനായി ടോക്ക് ഷോ, ആർട്ട്ഫോം തുടങ്ങിയവ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നു. കൂടാതെ, കോളേജുകളിലും സ്കൂളുകളിലും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധനസമ്പ്രദായത്തിനെതിരെ ക്യാംപയിൻ സംഘടിപ്പിക്കണമെന്നും അതോടൊപ്പം സാമൂഹ്യവിപത്തായ സ്ത്രീധന

സമ്പ്രദായത്തിനെതിരെ വിദ്യാർത്ഥികൾക്ക് അവബോധം നല്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് കോളേജ്തലത്തിൽ ശിൽപ്പശാലകൾ നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. മസ്തിഷ്ക പ്രവർത്തനങ്ങളുടെ ഏകോപനമില്ലായ്മമൂലം ആശയ വിനിമയത്തിലും സാമൂഹികമായ ഇടപെടലിലും പൊതുവെ വിമുഖത കാണിക്കുന്നവരാണ് ഓട്ടിസം ബാധിതർ . ഇവർ ബുദ്ധിപരമായും കലാപരമായും വളരെ കഴിവുകൾ പ്രകടിപ്പിക്കാറുണ്ടെങ്കിലും സാമൂഹിക ഇടപെടലുകൾ, ആശയ വിനിമയം, പെരുമാറ്റരീതി എന്നിവയിലുണ്ടാകുന്ന കുറവുകൾ പരിഹരിക്കുന്നതിന് മരുന്നുപയോഗിച്ചുള്ള ചികിത്സാരീതിയ്ക്ക് പ്രസക്തിയില്ല. സൗഹൃദപരവും അനുയോജ്യവുമായ ജീവിതാന്തരീക്ഷം സൃഷ്ടിച്ച് സാമൂഹീകരണം, ആശയവിനിമയം, പെരുമാറ്റരീതി എന്നീ മേഖലകളിൽ നിരന്തരമായ പരിശീലനം നൽകുന്നതിലൂടെ ഓട്ടിസം ബാധിതർക്കു സമൂഹത്തിൽ ആത്മാഭിമാനത്തോടെ ജീവിക്കാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേയ്ക്കായി ഓട്ടിസം ബാധിതർക്കായി പ്രവർത്തിക്കുന്ന തെറാപ്പിസെന്ററുകളുടെ പ്രവർത്തനം സുതാര്യമാക്കേണ്ടതാണെന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓട്ടിസം ബാധിതർക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ തെറാപ്പി സെന്ററുകളും (സ്കൂളുകളിലും ആശുപത്രികളിലും ക്ലിനിക്കുകളിലും പ്രവർത്തിക്കുന്നവ ഉൾപ്പെടെ) കേരള പഞ്ചായത്തുരാജ് ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണെന്നും അപ്രകാരം രജിസ്റ്റർ ചെയ്യാത്ത ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് എത്ര തെറാപ്പി സെന്ററുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും ഉള്ള വിശദമായ റിപ്പോർട്ടും തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.